# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 851 02/12/2015 ലെ മറുപടിയ്ക്ക്

**കേരള വാട്ടർ അതോറിറ്റിയുടെ മൊത്തവരുമാനം**

ചോദ്യം

ഡോ.കെ.ടി.ജലീൽ

മറുപടി

ശ്രീ.പി.ജെ.ജോസഫ്
(ബഹു.ജലവിഭവ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള വാട്ടർ അതോറിറ്റി എത്ര തവണ വെള്ളക്കരം വർദ്ധിപ്പിക്കുയുണ്ടായി. ഓരോ തവണയും എത്ര ശതമാനം വീതം നിരക്ക് വർദ്ധിപ്പിച്ചു ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 25/09/14 ൽ ഒരു പ്രാവശ്യം മാത്രമാണ് കുടിവെള്ള ചാർജ്ജ് വർദ്ധിപ്പിച്ചത്. വ്യത്യസ്ത സ്ലാബുകളിലായി ശരാശരി 0% മുതൽ 112.25% വരെയാണ് വർദ്ധനാ നിരക്ക്. |
| (ബി) 2010-11 വർഷത്തിൽ വെള്ളക്കരത്തിലൂടെ കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ച വരുമാനം എത്രകോടി രൂപയായിരുന്നു; 2014-15 സാമ്പത്തിക വർഷത്തെ മൊത്ത വരുമാനം എത്ര കോടി രൂപയായിരുന്നു ; 2015-16 വർഷത്തിൽ കേരള വാട്ടർ അതോറിറ്റി പ്രതീക്ഷിക്കുന്ന വരുമാനം എത്ര കോടിരൂപയാണ് ; | (ബി) 2010-11 ലെ വരുമാനം 274.44 കോടി രൂപയായിരുന്നു. 2014-15 വർഷത്തെ വരുമാനം 372.82 കോടി രൂപയായിരുന്നു. 2015-16 വർഷത്തിൽ ഏകദേശം 480 കോടി രൂപ വരവ് പ്രതീക്ഷിക്കുന്നു. |
| (സി) കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ഉപഭോക്താക്കൾ എത്രയെന്ന് വിശദമാക്കുമോ ? | (സി) കേരള വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ 18,49,827 ഉപഭോക്താക്കളുണ്ട്. |

സെക്ഷൻ ഓഫീസർ